പതിനാലാം കേരള നിയമസഭ
പതിനെട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1607 | | 10.02.2020-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| പ്ലാസ്റ്റിക്ക് നിരോധനം | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.അൻവർ സാദത്ത് | | എ.സി.മൊയ്തീൻ<br>തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി | |
| (എ) | സംസ്ഥാനത്ത് പ്ലാസ്റ്റിക്കിന്റെ അമിത ഉപയോഗം മൂലം ഉളവായിട്ടുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി ഒറ്റതവണ ഉപയോഗത്തിനുള്ള പ്ലാസ്റ്റിക്ക് നിരോധിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | (എ) | പരിസ്ഥിതി വകുപ്പിൽ നിന്നുമുള്ള 27/11/2019-ലെ സ.ഉ.(കൈ)നം.6/2019/പരി., 17/12/2019-ലെ സ.ഉ.(കൈ)നം.7/2019/പരി. എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം സംസ്ഥാനത്ത് ഒറ്റത്തവണ മാത്രം ഉപഭോഗമുള്ള പ്ലാസ്റ്റിക് വസ്തുക്കൾ 2020 ജനവരി 1 മുതൽ നിരോധിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത നിരോധനം ഫലപ്രദമായി നടപ്പിലാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് എന്ത് സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്; | (ബി) | ഒറ്റത്തവണ മാത്രം ഉപയോഗമുള്ള പ്ലാസ്റ്റിക് വസ്തുക്കളുടെ നിരോധനം കൃത്യമായി പാലിക്കപ്പെടുന്നത് ഉറപ്പാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, റവന്യൂ അധികാരികൾ, ആരോഗ്യ വകുപ്പ് എന്നിവർ മുഖേനയും പരിശോധനകൾ നടത്തിവരുന്നു. ഒറ്റത്തവണ ഉപയോഗമുള്ള പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾക്കുള്ള ബദൽ ഉൽപ്പന്നങ്ങളുടെ അനുയോജ്യത പരിശോധിക്കാൻ CSIR-NIST-യുടെ സഹായത്തോടെ മലിനീകരണ നിയന്ത്രണ ബോർഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിൻ പ്രകാരമുള്ള തുടർ നടപടികൾ ബോർഡ് സ്വീകരിച്ചു വരുന്നു. |
| (സി) | നിരോധനത്തിൽ നിന്നും ഏതെങ്കിലും വിഭാഗത്തെ ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ കാരണമെന്തെന്ന് വ്യക്തമാക്കുമോ ; | (സി) | ടേബിളിൽ വിരിക്കാൻ ഉപയോഗിക്കുന്ന ക്ലിങ് ഫിലിം ഷീറ്റ്, പ്ലാസ്റ്റിക് വ്യവസായത്തിൽ export ചെയ്യുന്നതിനായി നിർമ്മിച്ചിട്ടുള്ള പ്ലാസ്റ്റിക് വസ്തുക്കൾ, ആരോഗ്യ പരിപാലന രംഗത്ത് ഉപയോഗിക്കുന്ന പ്ലാസ്റ്റിക് വസ്തുക്കൾ/ഉപകരണങ്ങൾ, കംപോസ്റ്റബൾ പ്ലാസ്റ്റിക്കിൽ നിന്ന് നിർമ്മിച്ച പ്ലാസ്റ്റിക് വസ്തുക്കൾ - Plastic Waste (Management and Handling) Rule 2016-ൽ നിഷ്കർഷിച്ചിരിക്കുന്നത് പോലെ "കംപോസ്റ്റബൾ പ്ലാസ്റ്റിക് ഗണത്തിൽ പെടുന്ന Indian Standerd IS or ISO 17088:2008 ലേബൽ പതിപ്പിച്ചത്, മുൻകൂട്ടി അളന്നുവച്ചിരിക്കുന്ന ധാന്യങ്ങൾ, പയർവർഗ്ഗങ്ങൾ, പഞ്ചസാര, ധാന്യപ്പൊടികൾ, മുറിച്ചുവെച്ചിരിക്കുന്ന മത്സ്യ-മാംസാദികൾ, എന്നിവ സൂക്ഷിക്കുവാൻ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് പായ്ക്കറ്റുകൾ എന്നിവയെ നിരോധനത്തിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ branded വസ്തുക്കളെയും നിരോധത്തിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എല്ലാതരം പ്ലാസ്റ്റിക്കും ഒന്നിച്ച് നിരോധിക്കുന്നത് പ്രാവർത്തികമല്ലാത്തതു കൊണ്ട് മേൽപ്പറഞ്ഞവയെ ഒഴിവാക്കിയിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ഡി) | ബിവറേജസ് കോർപ്പറേഷൻ, കേര ഫെഡ്, മിൽമ, ജല അതോറിറ്റി എന്നിവ ഉൽപ്പാദിപ്പിച്ച വിപണനം നടത്തുന്നതായ ഉല്പന്നങ്ങളുടെ പ്ലാസ്റ്റിക് കുപ്പികളും കവറുകളും തിരിച്ചെടുക്കുന്നതിന് എന്ത് സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്; | (ഡി) | പൊതു മേഖല സ്ഥാപനങ്ങളുടെ ഉൽപന്നങ്ങൾ വിതരണം ചെയ്യുന്ന പ്ലാസ്റ്റിക് കുപ്പികളും കവറുകളും തിരിച്ചെടുക്കുന്നതിന് അവയുടെ നിർമ്മാതാക്കൾ/ ഉൽപാദകർ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ സമർപ്പിച്ചിട്ടുള്ള/രജിസ്റ്റർ ചെയ്തിട്ടുള്ള എക്സ്റ്റെൻഡഡ് പ്രൊഡ്യൂസർ റെസ്പോൺസിബിലിറ്റി (EPR) പ്ലാൻ പ്രകാരം നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് ഒറ്റത്തവണ മാത്രം ഉപയോഗമുള്ള പ്ലാസ്റ്റിക് വസ്തുക്കൾ നിരോധിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവിൽ നിഷ്കർഷിക്കുന്നുണ്ട്. പ്ലാസ്റ്റിക് കുപ്പികൾ തിരിച്ചെടുക്കുന്നതിനായി Reverse Vending Machine തിരുവനന്തപുരം ഇടപ്പഴഞ്ഞിയിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മറ്റു സ്ഥലങ്ങളിലെ സൂപ്പർ മാർക്കറ്റുകളിലും ടി മെഷിൻ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ മലിനീകരണ നിയന്ത്രണ ബോർഡ് നൽകുന്നതാണ്. ബിവറേജ് ബോട്ടിലുകൾ തിരിച്ചെടുക്കുന്നതിനുള്ള സംവിധാനം ഒരുക്കുന്നതിന് കേരള സ്റ്റേറ്റ് ബിവറേജസ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ, കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് കൺസ്യൂമർ ഫെഡറേഷൻ ലിമിറ്റഡ് എന്നിവർക്ക് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നിർദ്ദേശം നൽകിയിട്ടുണ്ട്. മിൽമ, കേര എന്നിവയുടെ കവറുകൾ തിരിച്ചെടുക്കുന്നതിനുള്ള കർമ്മ പദ്ധതി Clean Kerala Company മുഖേന തയ്യാറാക്കി സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മിനറൽ വാട്ടർ ബോട്ടിലുകൾ, fast moving consumer goods products, mattresses, end of life vehicles എന്നിവ സംബന്ധിച്ച് EPR നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കുപ്പിവെള്ള നിർമ്മാണ യൂണിറ്റുകളുടെ അസോസിയേഷൻ ഭാരവാഹികളുടെ യോഗം സംസ്ഥാന മലിനീകരണ നിയന്ത്രണബോർഡ് വിളിച്ചുചേർക്കുകയും തിരികെലഭിക്കുന്ന ബോട്ടിലുകൾക്ക് വില നിശ്ചയിക്കാനുള്ള നടപടി സ്വീകരിച്ചു വരികയും ചെയ്യുന്നു. |
| (ഇ) | പ്ലാസ്റ്റിക് ബാഗുകൾക്ക് ബദലായി ബയോ ഡി ഗ്രേഡബിൾ ബാഗുകൾ ഉല്പാദിപ്പിക്കുന്ന യൂണിറ്റുകൾ ആരംഭിക്കുന്നതിന് പ്രോത്സാഹനം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ പ്രോത്സാഹനങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കാമോ? | (ഇ) | പ്ലാസ്റ്റിക് ബാഗുകൾക്ക് ബദലുകൾ നിർമിക്കുന്ന സംരംഭങ്ങൾക്ക് കുടുംബശ്രീ മുഖേനയുള്ള വായ്പകൾ നിലവിൽ ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ